**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1114** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ചാത്തന്നൂർ കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ചാത്തന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് പഠനമോ സർവ്വെയോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ ചാത്തന്നൂർ താലൂക്ക് ഉൾപ്പെടെയുള്ള താലൂക്കുകളുടെ വിഭജനം/ രൂപീകരണം/അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**(ബി)** ഇത് സംബന്ധിച്ച് വകുപ്പ് ഏതെങ്കിലും പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എ പിരിവിന്റെ മറുപടി

**(സി)** താലൂക്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത പ്രദേശം അതിന് യോഗ്യമാണോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പുതിയ ജില്ലകളും താലൂക്കുകളും രൂപീകരിക്കേണ്ടതിൻറെ ആവശ്യകതയെ ക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുവാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈകാര്യങ്ങൾ പരിശോധിക്കുന്നതാണ്.

**(ഡി)** പുതിയ താലൂക്ക് രൂപീകരിച്ചാൽ അതിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വില്ലേജുകളും തദ്ദേശ സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സി പിരിവിന്റെ മറുപടി

**(ഇ)** ചാത്തന്നൂർ താലൂക്ക് രൂപീകരണത്തിനായി സമയബന്ധിതമായി നടപടി സ്വീകരിക്കാൻ തയ്യാറാണോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സി പിരിവിന്റെ മറുപടി

**സെക്ഷൻ ഓഫീസർ**